ഒട്ടുപള്ളിത്തട്ട്-നടുവിൽ-കുടിയാൻമല റൂട്ടിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് കാൻസലേഷൻ കുറയ്ക്കുവാൻ നടപടി

108 [2235] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത റൂട്ടായ ഒട്ടുപള്ളിത്തട്ട്-നടുവിൽ-കുടിയാൻമല റൂട്ടിൽ തുടർച്ചയായി കെ.എസ്.ആർ.ടി.സി. സർവ്വീസ് മുടങ്ങുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2004 ജൂൺ 13 മുതൽ 26 വരെയുള്ള രണ്ടാഴ്ച ഈ റൂട്ടിൽ എത്ര സർവ്വീസ് മുടങ്ങിയെന്ന് അറിയിക്കുമോ;

(സി) ദേശസാൽകൃത റൂട്ടിൽ ഷെഡ്യൂൾ കാൻസലേഷൻ പരമാവധി കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 14-6-2004-ൽ ബസ്സിന്റെ ലഭ്യതകുറവ് മൂലം 10.20 മണിക്കുള്ള പുലിക്കുറുമ്പ സർവ്വീസും, 13-6-2004, 20-6-2004 എന്നീ അവധി ദിവസങ്ങളിൽ കളക്ഷൻ തീരെ കുറവായ കാരണത്താൽ 'ഹോളിഡേ' ക്യാൻസലേഷനിൽ ഉൾപ്പെടുത്തി 5.50-ന്റെ കുടിയാൻമല സർവ്വീസും ഓടിച്ചിട്ടില്ല.

(സി) സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. നിർത്തലാക്കിയ മിനി ബസ്സ് സർവ്വീസുകൾ

109 [2236] ശ്രീ. ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ:
,, എ. എൻ രാജൻ ബാബു:
,, കെ. കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ആരംഭിച്ച മിനി ബസ്സ് സർവ്വീസുകൾ ജീവനക്കാരുടെ അലംഭാവംമൂലം നിർത്തിവച്ചിരിക്കുന്നത് യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഈ വിധത്തിൽ മിനി ബസ്സ് സർവ്വീസ് നിർത്തിവച്ചിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) മിനി ബസ്സ് സംവിധാനം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ജീവനക്കാരുടെ അലംഭാവം മൂലം ഒരു സർവ്വീസും ഒരിടത്തും നിർത്തിവെച്ചിട്ടില്ല.

(സി) അനധികൃത പാരലൽ സർവ്വീസുകൾ ഒഴിവാക്കുന്നതിനുവേണ്ടിയും, വലിയ ബസ്സുകൾക്ക് കടന്നുപോകുവാനാകാത്ത പ്രദേശങ്ങളിലെ ജനങ്ങൾക്ക് യാത്രാസൗകര്യം പ്രദാനം ചെയ്യാനുമാണ് മിനി സർവ്വീസുകൾ ആരംഭിച്ചത്. ഇങ്ങനെ ആരംഭിച്ച് ലാഭകരമായി ഓടുന്നുവെന്നുകണ്ട എല്ലാ മിനി സർവ്വീസുകളും തുടർന്നും ഓപ്പറേറ്റു ചെയ്യുന്നുണ്ട്.

കട്ടേലഭാഗത്തേയ്ക്ക് കൂടുതൽ ബസ്സ് സർവ്വീസുകൾ ആരംഭിക്കാൻ നടപടി

110 [2237] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന് സമീപം അംബേദ്കർ മെമ്മോറിയൽ റസിഡൻഷ്യൽ സ്ക്കൂൾ സ്ഥിതി ചെയ്യുന്ന കട്ടേല പ്രദേശത്തേയ്ക്ക് കെ.എസ്.ആർ.ടി.സി എത്ര സർവ്വീസുകൾ നടത്തുന്നുണ്ട്;

(ബി) ഒറ്റപ്പെട്ട ഈ പിന്നോക്ക പ്രദേശത്തേയ്ക്ക് ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ബസ്സ് സർവ്വീസുകൾ പൂർണ്ണമായും നിർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കട്ടേല ഭാഗത്തേയ്ക്ക് കൂടുതൽ ബസ്സ് സർവ്വീസുകൾ അനുവദിക്കാൻ നിർദ്ദേശിക്കുമോ?

ഉത്തരം

(എ) 5 ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്. അവധി ദിവസങ്ങളിൽ കളക്ഷൻ തീരെ കുറവായ കാരണത്താലാണ് ഓടിക്കാതിരിക്കുന്നത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കൂടുതൽ ബസ്സുകൾ അനുവദിക്കുവാൻ നടപടി

111 [2238] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ലാഭകരമായി പ്രവർത്തിച്ചു വരുന്ന റൂട്ടുകളിൽ കൂടുതൽ ബസ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly